**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ആഫീസ് കാസറഗോഡ്**

നമ്പർ : KGD III(1)981/2018

കാസറഗോഡ്
08.01.2021

## <u>പത്രക്കുറിപ്പ്</u>

കാസറഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ (Direct/NCA) (കാറ്റഗറി നമ്പർ: 501/2017, 196/2018, 200/2018, 204/2018) തസ്തികയ്ക്കായി 24.07.2020 പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കാസറഗോഡ് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്കായുള്ള ശാരീരിക അളവെടുപ്പും കായിക ക്ഷമതാ പരീക്ഷയും 12.01.2021, 13.01.2021, 14.01.2021, 15.01.2021, 16.01.2021 എന്നീ തീയ്യതികളിൽ <u>കാസറഗോഡ് പാറക്കട്ടയിലെ പോലീസ് ഡി. എച്ച്. ക്യൂ. മൈതാനത്ത് വെച്ച്</u> നടത്തുന്നതാണ്.

ഇത് സംബന്ധിച്ച ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ / ഫോൺ മെസ്സേജ് എന്നിവ ഇതിനകം നൽകിയിട്ടുണ്ട് . ഉദ്യോഗാർത്ഥികൾക്കായുള്ള അഡ്മിഷൻ ടിക്കറ്റ് 06.01.2021 മുതൽ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ കായിക ക്ഷമതാ പരീക്ഷയ്ക്കുള്ള അഡ്മിഷൻ ടിക്കറ്റ് പി.എസ്.സി.യുടെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് അസ്സൽ തിരിച്ചറിയൽ രേഖയും അപേക്ഷയിൽ അവകാശപ്പെട്ട യോഗ്യതകൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം രാവിലെ 6 മണിക്ക് മേൽ സൂചിപ്പിച്ച ഗ്രൗണ്ടിൽ ഹാജരാകേണ്ടതാണ്.

കോവിഡ് 19 പ്രോട്ടോകോൾ പൂർണ്ണമായും പാലിച്ച് കൊണ്ടാണ് ടെസ്റ്റ് നടത്തുന്നത്. ഉദ്യോഗാർത്ഥികൾ, കായിക ക്ഷമതാ പരീക്ഷ നടത്തുന്നതിന്, 24 മണിക്കൂറിനകം സർക്കാർ ആശുപത്രി/അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള കോവിഡ് 19 നെഗറ്റീവ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

(ഉത്തരവിൻ പ്രകാരം)

ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, കാസറഗോഡ്.